# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7212** 11.07.2014 ൽ മറുപടിക്ക്

**സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; | (എ) കേരളത്തിൽ സപ്ലൈകോയുടെ ഹൈപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നത് താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്<br>ജില്ല — സ്ഥലം<br>1.തിരുവനന്തപുരം — വഴുതക്കാട്<br>2. കോട്ടയം — കോട്ടയം<br>3.എറണാകുളം — എറണാകുളം ഗാന്ധിനഗർ<br>4. കണ്ണൂർ — തലശ്ശേരി |
| (ബി) പുതുതായി ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ളത് ഏതെല്ലാം സ്ഥലങ്ങളിലാണ് ; | (ബി) പുതുതായി ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ളത് താഴെ പറയും പ്രകാരമാണ്.<br>ജില്ല — സ്ഥലം<br>1. കൊല്ലം — 1) കരുനാഗപ്പള്ളി 2)കൊല്ലം ഡിപ്പോ കോംപൗണ്ട്.<br>2. പത്തനംതിട്ട — തിരുവല്ല<br>3. എറണാകുളം — പിറവം (ഹൈപ്പർ മാർക്കറ്റ് ഉൾപ്പെടുന്ന സബർബൻ മാൾ നിർമ്മിക്കുന്നതിന്) |
| (സി) ഓരോ ഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണം ഏത് ഘട്ടത്തിലാണ് ; | (സി) സപ്ലൈകോയുടെ സ്വന്തം കെട്ടിടത്തിലാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. കരുനാഗപ്പള്ളിയിൽ സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. Basement Floor നിർമ്മാണം കഴിഞ്ഞു. ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം പുരോഗമിക്കുന്നു. പിറവം ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് ഒരു ഹൈപ്പർ മാർക്കറ്റ് ഉൾപ്പെടുന്ന സബർബൻ മാൾ നിർമ്മാണത്തിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ നടന്നുവരുന്നു. |

തിരുവല്ലയിൽ ഗോഡൗണുകളും ഹൈപ്പർ മാർക്കറ്റും ചേർന്നുള്ള പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഗോഡൗൺ പദ്ധതിയും ഹൈപ്പർ മാർക്കറ്റ് കോംപ്ലക്സും വെവ്വേറെ പദ്ധതികളായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കൊല്ലത്ത് ഹൈപ്പർ മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി വരുന്നു.

(ഡി) ഹൈപ്പർമാർക്കറ്റ് അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡവും വ്യവസ്ഥകളും എന്തൊക്കെയാണ്;

(ഡി) സപ്ലൈകോയുടെ സ്വന്തം സ്ഥലം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ദീർഘകാലവീക്ഷണത്തോടു കൂടി ആരംഭിക്കുന്ന ഒരു സംരംഭമാണ് ഹൈപ്പർമാർക്കറ്റുകൾ

(ഇ) ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചിട്ടുള്ള ജില്ലകൾ ഏതെല്ലാമാണ്;

(ഇ) കൊല്ലം ജില്ലയിൽ മാത്രം

(എഫ്) ഒരു നിയോജകമണ്ഡലത്തിൽത്തന്നെ ഒന്നിലധികം ഹൈപ്പർ മാർക്കറ്റുകൾ അനുവദിച്ചിട്ടുള്ള മണ്ഡലം ഏതാണ്; ഇത്തരത്തിൽ ഒന്നിലധികം ഹൈപ്പർമാർക്കറ്റുകൾ അനുവദിച്ചത് ഏത് മാനദണ്ഡവും വ്യവസ്ഥയും പ്രകാരമാണെന്നു വ്യക്തമാക്കുമോ

(എഫ്) ഇപ്രകാരം അനുവദിച്ചിട്ടില്ല

(ജി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഹൈപ്പർമാർക്കറ്റുകളുടെ നിർമ്മാണത്തിനുള്ള ഫണ്ട് ലഭ്യമാക്കുന്നതാരാണ്;

(ജി) ഹൈപ്പർമാർക്കറ്റുകളുടെ നിർമ്മാണ തുക സപ്ലൈകോയുടെ തനതു ഫണ്ടിൽ നിന്നാണ് ലഭ്യമാക്കുന്നത്

(എച്ച്) ഓരോഹൈപ്പർമാർക്കറ്റിന്റെയും നിർമ്മാണത്തിന് എന്തുതുക വീതം ചെലവഴിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

(എച്ച്) കരുനാഗപ്പള്ളി ഹൈപ്പർമാർക്കറ്റിനും പിറവം സബർബൻമാളിനും കൂടി 14.5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. തിരുവല്ല , കൊല്ലം എന്നിവയുടെ വിവരം ശേഖരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**